പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2752 — 14.12.2015 ന് മറുപടിയ്ക്ക്.

## തൊഴിൽ രഹിതർക്കുള്ള വിവിധ പരിശീലന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ രഹിതർക്ക് പരിശീലനം നൽകുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന തൊഴിൽരഹിതർക്ക് പരിശീലനം നൽകുന്നതിനായി എംപ്ലോയബിലിറ്റി സെന്റർ എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ സ്കിൽ ഗ്യാപ്, അഭിരുചി എന്നിവ വിവിധ അസെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് കണ്ടെത്തി സോഫ്റ്റ് സ്കിൽസ്, ഇംഗ്ലീഷ് ആശയവിനിമയശേഷി എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം അംഗീകൃത സ്ഥാപനങ്ങൾ മുഖേനയും പരിശീലനം നൽകി അവരെ തൊഴിലിനു പ്രാപ്തരാക്കി, സ്വദേശത്തും വിദേശത്തുമുള്ള സ്വകാര്യ തൊഴിൽദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും തൊഴിൽ മേളകൾ സംഘടിപ്പിച്ചും തൊഴിൽ ലഭ്യമാക്കാൻ സഹായിക്കുക എന്നതാണ് എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തന ലക്ഷ്യം. കൂടാതെ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) വഴി തൊഴിൽ രഹിതർക്ക് വിവിധ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കിവരുന്നു. |
| (ബി) ഏതെല്ലാം കേന്ദ്രങ്ങൾ മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്ന് അറിയിക്കുമോ; | (ബി) സംസ്ഥാനത്തെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടനുബന്ധിച്ചാണ് എംപ്ലോയബിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നത്. എംപ്ലോയബിലിറ്റി സെന്ററുകളുടെ HRD പ്രവർത്തനങ്ങൾ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന സ്വകാര്യ ഏജൻസികളെയാണ് ഏൽപ്പിച്ചിട്ടുള്ളത്. സോഫ്റ്റ് സ്കില്ലിനും ഇംഗ്ലീഷ് ആശയ വിനിമയശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ എംപ്ലോയബിലിറ്റി സെന്ററുകളിൽ വച്ചും തൊഴിലധിഷ്ഠിത തീവ്രപരിശീലനം ആവശ്യമായ പക്ഷം അത്തരം |

അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു. കൂടാതെ തൊഴിൽരഹിത യുവജനങ്ങൾക്ക് പ്രയോജന പ്പെടുന്ന കൗശൽകേന്ദ്രങ്ങൾ കൊല്ലം ജില്ലയിലും കോഴിക്കോട് ജില്ലയിലും KASE -ന്റെ കീഴിൽ ആരംഭിച്ചുകഴിഞ്ഞു. മറ്റു ജില്ലകളിലും കൗശൽകേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE (Nursing Institute for Career Enhancement) എന്ന സ്ഥാപനവും സെക്യൂരിറ്റി (നാഷണൽ) മേഖലയിൽ നൈപുണ്യ വികസനത്തിനായി CAT (Centre for Advanced Training in Security) എന്ന സ്ഥാപനവും KASE -ന്റെ കീഴിൽ കിൻഫ്രയിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.Indian Institute of Infrastructure and Construction (IIIC) എന്ന പേരിൽ ഒരു കൺസ്ട്രക്ഷൻ അക്കാദമി ആരംഭിക്കുന്നതിലേയ്ക്കായി കൊല്ലം ചവറയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

(സി) നാളിതുവരെ എത്രപേരാണ് ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി കൾക്ക് കീഴിൽ പരിശീലനം നേടിയതെന്ന് വ്യക്തമാക്കാമോ;

(സി) 2012-13 സാമ്പത്തിക വർഷം ആരംഭിച്ച എംപ്ലോയബിലിറ്റി സെന്റർ പദ്ധതി പ്രകാരം നിലവിൽ പ്രവർത്തിച്ചുവരുന്ന കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ എംപ്ലോയ ബിലിറ്റി സെന്ററുകൾ മുഖേന 17309 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ KASE -ന്റെ കീഴിലുള്ള കൗശൽകേന്ദ്രങ്ങൾ മുഖേന 1038 പേർക്കും നഴ്സിംഗ് അക്കാദമിയിൽ 120 പേർക്കും സെക്യൂരിറ്റി അക്കദമിയിൽ 10 പേർക്കും പരിശീലനം നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാ ക്കാമോ?

(ഡി) ഉണ്ട്. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) ന്റെ നിയന്ത്രണത്തിലുള്ള എംപ്ലോയബിലിറ്റി സെന്ററുകളുടെ HRD പ്രവർത്തനങ്ങൾ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന സ്വകാര്യ ഏജൻസികളെയാണ് ഏൽപ്പി ച്ചിട്ടുള്ളത്. സ്വകാര്യ ഏജൻസികളുടെ പ്രവർത്തനം പ്രതിമാസം വിലയിരുത്തുന്നതിനും നാലുമാസത്തി ലൊരിക്കൽ വിലയിരുത്തുന്നതിനും വകുപ്പുതല കമ്മിറ്റികൾക്ക് രൂപം നൽകിയിട്ടുണ്ട്. ടി വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് വരും വർഷത്തേക്ക് HRD പ്രവർത്തനങ്ങൾ നടത്തുന്ന തിന് ഏജൻസികളെ തിരഞ്ഞെടുക്കുന്നത്.

Anup

സെക്ഷൻ ഓഫീസർ